

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## അക്കേഷ്യ മരങ്ങൾ വെച്ചുപിടിപ്പിച്ച് ഞങ്ങളെ ദ്രോഹിക്കരുത്

ഞങ്ങൾ വരന്തരപ്പിള്ളി വില്ലേജിലെ വേലുപ്പാടം പ്രദേശത്തെ സ്ഥിരതാമസക്കാരും സാധാരണക്കാരുമായ കർഷകരും, കാർഷിക ഭൂമിയിൽ പണിയെടുത്ത് ജീവിക്കുന്നവരുമാണ്. ഞങ്ങളുടെ താമസസ്ഥലത്തിന് അടുത്തായി സർക്കാർ വക വനംവകുപ്പിന്റെ തേക്കിൻതോട്ടം 20 വർഷം മുൻപ് മുറിച്ചുമാറ്റുകയും, ടി സ്ഥലത്ത് കശുമാവ് നട്ടുവളർത്തുകയും ചെയ്തിരുന്നു. ഇപ്പോൾ ടി കശുമാവിന്റെ ഉൽപ്പാദനം കുറഞ്ഞതിനാൽ 6 മാസം മുൻപ് ഇവ മുറിച്ചുമാറ്റിയിരുന്നു. വീണ്ടും ഈ ഭൂമിയിൽ കശുമാവിൻ തൈകൾ നട്ടുവരികയായിരുന്നു. എന്നാൽ കശുമാവിൻതൈകൾക്ക് ഇടയിൽ അക്കേഷ്യ നടുവാൻ സാധ്യത ഉണ്ടെന്ന് അറിഞ്ഞതിനാൽ ഞങ്ങൾ ഇക്കാര്യം ബന്ധപ്പെട്ട ഡി.എഫ്.ഒ.യുമായി സംസാരിച്ചു ; എന്നാൽ ടി പ്രദേശത്ത് അക്കേഷ്യ നടുന്നില്ലെന്നാണ് അദ്ദേഹം ഉറപ്പുപറഞ്ഞത്. പിന്നീട് 3.09.2007 തിങ്കളാഴ്ച രാവിലെ ഒരു ലോറി നിറയെ അക്കേഷ്യ തൈകൾ കൊണ്ടുവരികയും അക്കേഷ്യ നടുവാൻ ശ്രമിച്ചപ്പോൾ പരിസരവാസികൾക്ക് ആയത് തടയുകയും പിന്നീട് സ്ഥലം റെയ്ഞ്ച് ഓഫീസർ സ്ഥലത്ത് വന്ന് വനംവകുപ്പും ഗവൺമെന്റും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് അക്കേഷ്യ നടുന്നതെന്നും ആയത് 6 വർഷം കഴിയുമ്പോൾ മുറിക്കുമെന്നും അവിടെ കൂടിയിരുന്ന ജനങ്ങളെയും മാധ്യമപ്രവർത്തകരെയും അറിയിക്കുകയും ചെയ്തു. എന്നാൽ മനുഷ്യരുടെ ആരോഗ്യത്തിനും, ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്കും, കടുത്ത വരൾച്ചക്കും, കുടിവെള്ള ക്ഷാമത്തിനും ഇടവരുത്തുന്ന അക്കേഷ്യ എന്ന വിദേശ മരം വനവൽക്കരണത്തിന്റെ പേരുപറഞ്ഞ് നടുന്നതിനെ തടഞ്ഞതിന്റെ ഫലമായി ഇനി ഒരു തീരുമാനം ഉണ്ടാകുന്നതുവരെ നടുന്നതല്ല എന്നുപറഞ്ഞ് എല്ലാവരും പിരിഞ്ഞുപോയി. എന്നാൽ ജനങ്ങളുടെ മേൽപ്പറഞ്ഞ എതിർപ്പിനെ തുടർന്ന് 08.09.2007-ന് നടുവാൻ ഇറക്കിവച്ചിരുന്ന അക്കേഷ്യ തൈകൾ വനംവകുപ്പ് ജീവനക്കാർ ലോറിയിൽ കയറ്റിക്കൊണ്ടുപോയി പകരം ഇനി മാഞ്ചിയം നടണമെന്നാണ് വനംവകുപ്പ് അധികൃതർ പറയുന്നത്. ആയതിനാൽ അങ്ങേക്ക് ദയവുണ്ടായി വനവൽക്കരണത്തിന്റെ ഭാഗമായി മേൽപറഞ്ഞ വനഭൂമിയിൽ കശുമാവിൻ തൈകൾക്കിടയിൽ യൂക്കാലി, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾക്കുപകരം പരിസ്ഥിതിക്കും, ജനങ്ങളുടെ ആരോഗ്യത്തിനും ഹാനികരമാകാത്ത ഔഷധസസ്യങ്ങളോ, മറ്റു മരങ്ങളോ നടുവാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

**ടി.എൻ. മുകുന്ദൻ, സുരേഷ് മംഗലൻ, ജോയ് പി.എം.... വേലുപ്പാടം, തൃശൂർ**



## സി.ഇസഡ്.എം. അപകടകാരി തന്നെ

തീരപരിപാലന വിജ്ഞാപനത്തെ കുറിച്ചുള്ള കേരളീയം ജൂലൈ ലക്കം കടൽ സമ്പത്തിന് വലിയരീതിയിൽ ശോഷണം സംഭവിക്കുകയും കടൽ കയ്യേറ്റങ്ങൾ വ്യപകമായി നടക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ വളരെ അനിവാര്യമായ ഒന്നായിരുന്നു. മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളിക്കാൻ കേരളീയത്തിന് കഴിഞ്ഞു. തീരപരിപാലന വിജ്ഞാപനം (CZM) ഞങ്ങൾ മത്സ്യതൊഴിലാളികൾക്ക് എത്രത്തോളം അപകടമാണെന്ന് ഇപ്പോഴാണ് തീർത്തും മനസ്സിലായത്. കുറച്ച് മത്സ്യതൊഴിലാളികളുടെ അഭിപ്രായം കൂടി നിങ്ങൾ ഉൾപ്പെടുത്തേണ്ടതായിരുന്നു എന്ന് ഒരു നിർദ്ദേശമുണ്ട്. കേരളീയത്തിന് വിജയാശംസകൾ.

**സേവ്യർ, ചെല്ലാനം, എറണാകുളം.**

## കിൻഫ്ര പാടം നികത്തുന്നു

തൃശൂർ പുഴയ്ക്കൽ പാടത്തെ 40 ഏക്കർ കൃഷിഭൂമി വിലക്കുകളും നിയമങ്ങളും ലംഘിച്ച് കിൻഫ്ര നികത്തുന്നു. കഴിഞ്ഞ ജൂലൈ 24-ന് സംസ്ഥാന നിയമസഭ പാസാക്കിയ നെൽവയൽ നീർത്തട സംരക്ഷണനിയമവും 1967-ലെ കേരള ഭൂവിനിയോഗ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് വ്യവസായ പാർക്കിന്റെ പേരിൽ കിൻഫ്ര നിലംനികത്തുന്നതിനെതിരെ പരിസ്ഥിതി സാമൂഹിക പ്രവർത്തകർ തൃശൂർ കളക്ട്രേറ്റ് പടിക്കൽ സത്യാഗ്രഹസമരം സംഘടിപ്പിച്ചു. കൊരട്ടിയ്ക്കടുത്തുള്ള കോന്നൂർ പാടശേഖരത്തിലും അങ്കമാലി തുറവൂരും ചെങ്ങമനാട്ടെ 140 ഏക്കറും സംസ്ഥാനത്തെ മറ്റ് പല ഇടങ്ങളിലും കൃഷിഭൂമിതന്നെയാണ് കിൻഫ്ര ഏറ്റെടുത്ത് നികത്തുന്നത്. കൃഷിഭൂമി പരിവർത്തനം ചെയ്യുന്നതിനെതിരെ ഉയർന്ന ജനകീയ പ്രതിഷേധങ്ങളെ തുടർന്ന് നിയമസഭ പാസാക്കിയ നിയമം സർക്കാരിന്റെ തന്നെ വ്യവസായ വകുപ്പ് അട്ടിമറയ്ക്കുകയാണ്. ഇനിയുള്ള നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കണമെങ്കിൽ ജനങ്ങളുടെ ജാഗ്രതയും കാവലും അനിവാര്യമാണെന്ന മുന്നറിയിപ്പാണ് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നത്.

**ജോയ് കൈതാരത്ത, മനുഷ്യാവകാശ സംരക്ഷണകേന്ദ്രം 9447734108.**

**വായനക്കാരുടെ കത്തുകൾ**

കേരളീയത്തിൽ വന്നതും വരാത്തതുമായ വാർത്തകളെയും വിശകലനങ്ങളെയും കുറിച്ചുള്ള അഭിപ്രായങ്ങളും പ്രതികരണങ്ങളും അറിയിക്കുമല്ലോ. **കേരളീയം, കൊക്കാലെ, തൃശൂർ-21**